# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 45/2019(90), വെള്ളിയാഴ്ച — **തീയ്യതി 08.11.2019**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 09.11.2019 | 10.11.2019 | 11.11.2019 | 12.11.2019 | 13.11.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 6 | 5 | 10 | 10 | 10 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 87 | 87 | 87 | 87 | 87 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 2 | 2 | 4 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 320 | 340 | 290 | 340 | 160 |
| മേഘവ്യാപ്തി (ഒക്ട്സ) | 6 | 6 | 7 | 8 | 7 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിലുള്ള മഴയ്ക്ക് സാധ്യത.**

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | ഗാളീച്ച | മഴക്കാലത്ത് നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിന് മുൻകരുതലായി ഞാറിന്റെ വേരുഭാഗം 0.02% വീര്യമുള്ള ക്ലോർപൈറിഫോസ് ലായനിയിൽ 12 മണിക്കൂർ നേരത്തേക്ക് മുക്കിവച്ചതിനു ശേഷം നടുക. |
| | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ/ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| വാഴ | | വാഴയിൽ കാൽസ്യത്തിന്റെ അഭാവം മൂലം ഇല ചുരുണ്ടുവരുന്നതായി കാണാം. ഇതിനു പരിഹാരമായി 250 ഗ്രാം കുമ്മായം ഓരോ വാഴയ്ക്കും ചുവട്ടിലും ഇട്ടു കൊടുക്കുക. |
| പച്ചക്കറികൾ (പയർ) | ഫ്യുസേരിയം മൂലമുള്ള വാട്ട രോഗം | തുടർച്ചയായ മഴയും, വെള്ളക്കെട്ടും മൂലം പയറിൽ ഫ്യുസേരിയം മൂലമുള്ള വാട്ട രോഗം കാണാനിടയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം ബാവിസ്റ്റിൻ അല്ലെങ്കിൽ 2 മി.ലി. കോൺട്ടാഫ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണു കുതിരത്തക്കവിധം 15 ദിവസം ഇടവിട്ട് മാറിമാറി ഒഴിച്ചു കൊടുക്കാവുന്നതാണ്. പൂർണ്ണമായും രോഗം ബാധിച്ച ചെടികൾ പറിച്ചു മാറ്റി നശിപ്പിക്കുകയും, തടത്തിൽ ഒരു നുള്ള് ബ്ലീച്ചിങ്ങ് പൗഡർ ചേർക്കേണ്ടതുമാണ്. |
| മൃഗസംരക്ഷണം | ഇടിമിന്നൽ ഏൽക്കാൻ സാധ്യത ഉള്ളതിനാൽ മൃഗങ്ങളെ തുറസായ സ്ഥലങ്ങളിൽ മേയാൻ അനുവദിക്കാതിരിക്കുക. (CAADECCS, KVASU മണ്ണുത്തി) | |